തോണി അടുപ്പിക്കുന്ന സ്ഥലം ഒരു സ്വകാര്യ വ്യക്തി വിലയ്ക്കുവാങ്ങി മതിൽകെട്ടാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. അവിടെ മതിൽകെട്ടിയാൽ മൽസ്യത്തൊഴിലാളികൾക്ക് തോണി അടുപ്പിക്കുവാൻ സ്ഥലമില്ലാതാകും. ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുവാൻ നിർദ്ദേശമുള്ള സ്ഥലമാണത്. ആർ. ഡി.ഒ. ഇപ്പോൾ മതിൽകെട്ടുന്നതിനെ തടഞ്ഞിട്ടുണ്ടെങ്കിലും, ഇതിനെ ഒരു വർഗ്ഗീയസംഘർഷമാക്കി മാറ്റാൻ ചില ആളുകൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് തോണി അടുപ്പിക്കുന്നതിനുവേണ്ടി ഈ സ്ഥലം ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, തലായി കടൽപ്പുറത്ത് കഞ്ഞിക്കടപ്പുറം എന്നു അറിയപ്പെടുന്ന സ്ഥലത്ത് സാധാരണയായി മൽസ്യത്തൊഴിലാളികൾ തോണി കയറ്റിവയ്ക്കുന്ന പതിവുണ്ടായിരുന്നു. ഇതൊരു സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ്. അവിടെ പുരവയ്ക്കുന്നതിനുവേണ്ടി അദ്ദേഹം വസ്തുവിന് മതിൽകെട്ടുന്ന പരിപാടി ആരംഭിച്ചു. മൽസ്യത്തൊഴിലാളികൾ ഇതിനെ എതിർത്തു. അവർ സബ്കളക്ടർക്ക് പരാതി കൊടുത്തു. കണ്ണൂർ ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ഇതിനകംതന്നെ ആ സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തുകയുണ്ടായി. തർക്കമുള്ള കടൽപ്പുറത്തുനിന്നും അധിക ദൂരമല്ലാത്ത സ്ഥലത്ത് ചാരിൽ ഗോപാലപ്പെട്ട എന്ന സ്ഥലത്ത് ഒരു ഫിഷ്ലാൻറിംഗ് സെൻറർ സ്ഥാപിക്കുവാൻ ഫിഷറീസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ പണി പൂർത്തിയാകുന്നതുവരെ തർക്കമുള്ള സ്ഥലത്ത് ഭിത്തികെട്ടുന്നതിനെ തടയണമെന്ന് ഡപ്യൂട്ടി ഡയറക്ടർ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൽസ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിന് വേണ്ട നടപടികൾ എടുത്തുവരികയാണ്.

(17) മുണ്ടക്കയം പ്രൈമറി ഹെൽത്ത് സെൻററിന്റെ ശോചനീയാവസ്ഥ

ശ്രീ. തോമസ് കല്ലമ്പള്ളി: സർ, വിസ്തൃതിയിൽ കേരളത്തിലെ മിക്ക പഞ്ചായത്തുകളെക്കാളും വലുതാണ് മുണ്ടക്കയം പഞ്ചായത്ത്. അവിടത്തെ ഏക ചികിൽസാ കേന്ദ്രമായ പ്രൈമറി ഹെൽത്ത് സെൻററിന്റെ ശോചനീയാവസ്ഥ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്.

കൂട്ടിക്കൽ, കൊക്കയാർ, പെരുവന്താനം പഞ്ചായത്തുകളിലെ രോഗികളും ആശ്രയിക്കുന്ന ഒരു ആശുപത്രികൂടിയാണിത്. ആ ആശുപത്രിയിൽ ഒടിയാത്ത കട്ടിലുകളുടെ എണ്ണം കുറവാണ്. അതുപോലെ ശുദ്ധജലവിതരണത്തിന് യാതൊരു സൗകര്യവുമില്ല. കക്കൂസിന്റെ ടാങ്ക് പൊട്ടി അതിൽനിന്നും വരുന്ന ദുർഗന്ധം കാരണം മുണ്ടക്കയം ടൗണിൽ കൂടിപോലും നടക്കാൻ വയ്യാത്ത സ്ഥിതിയായിട്ടുണ്ട്. ഇതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കക്കൂസുകളുടെ കേടുപാടുകൾ തീർക്കുവാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഡോക്ടർമാരെ അവിടെ നിയമിച്ചിട്ടുണ്ട്. പുതുതായി വാട്ടർസപ്ലൈ തുടങ്ങുവാനുള്ള പണം ഇക്കൊല്ലം ബഡ്ജറ്റിലില്ലാത്തതുകൊണ്ട് അടുത്ത കൊല്ലം ആവശ്യമായ പണം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുകൊണ്ട് ചെയ്യുവാനുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly